**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1570** **16-10-2026-ൽ മറുപടിയ്ക്ക്**

**കൊട്ടുവായൂർ ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് വികസനത്തിനായി നടപ്പിലാക്കി വരുന്ന പ്രവൃത്തിയുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി:** നെന്മാറ നിയോജക മണ്ഡലത്തിലെ കൊട്ടുവായൂർ ജി.എച്ച്.എസ്.എസ് ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി 14.10.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 100.00 ലക്ഷം രൂപയുടെ ഭരണാനുമതിയും 93. 89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതിയും നൽകി, M/s എസ്.എം.കൺസ്ട്രക്ഷൻസ്, ബ്രഹ്മപുരം എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട് & മഡ് വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഡ്രെയിൻ, ക്രിക്കറ്റ് പിച്ച് & ലോംഗ് ജംപ് പിറ്റ്, ഫ്ളെഡ് ലൈറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡ്രെയിനേജ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയാണെന്നും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**